**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1087** — **24-02-2022 - ൽ മറുപടിയ്ക്ക്**

**ഇന്ദുചൂഡൻ സാംസ്കാരിക നിലയത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | തരൂർ മണ്ഡലത്തിലെ കാവശ്ശേരിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഇന്ദുചൂഡൻ സാംസ്കാരിക നിലയത്തിന്റെ നിർമ്മാണം എന്ന് തുടങ്ങാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (എ) | പാലക്കാട് ജില്ലയിലെ കാവശ്ശേരി ഗ്രാമ-പഞ്ചായത്തിന്റെ നേതൃത്വത്തിൽ, പാലക്കാട് ജില്ലയിലെ കാവശ്ശേരി കഴനി-ചുങ്കം എന്ന സ്ഥലത്ത് പക്ഷി നിരീക്ഷകനായിരുന്ന ശ്രീ. ഇന്ദുചൂഡന്റെ സ്മരണാർത്ഥം ഇന്ദുചൂഡൻ സ്മാരക മന്ദിരമെന്ന പേരിൽ ഒരു പഠന കേന്ദ്രവും ഗ്രന്ഥശാലയും നിർമ്മിക്കുന്ന പദ്ധതിയ്ക്ക് സർക്കാർ ധനഹായം അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് കൊണ്ട് ടി ഗ്രാമ-പഞ്ചായത്ത് പ്രസിഡണ്ട് സർക്കാരിൽ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2020-2021 സാമ്പത്തിക വർഷം പ്രസ്തുത നിർമ്മാണത്തിന് ധനസഹായമായി 25,00,000/- രൂപ (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) ടി ഗ്രാമ-പഞ്ചായത്തിന് അനുവദിച്ച് കൊണ്ട് 11.05.2020-ലെ സ. ഉ. (സാ. ധാ). നമ്പർ. 215/2020/സാം.കാ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സർക്കാരിന്റെ പ്ലാൻ (പദ്ധതി) ധനസഹായങ്ങൾ റീലിസ് ചെയ്ത് അനുവദിക്കുന്നതിന് ആവശ്യമായ ട്രഷറി പി.എസ്.റ്റി.എസ്.ബി അക്കൗണ്ട് വിവരങ്ങൾ ടി ഗ്രാമ-പഞ്ചായത്ത് അധികൃതർ യഥാസമയം സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിൽ ഹാജരാക്കാത്തതിനാൽ 2020-2021 സാമ്പത്തിക വർഷം പ്രസ്തുത ധനസഹായം റിലീസ് ചെയ്ത് ടി ഗ്രാമ-പഞ്ചായത്തിന് അനുവദിക്കുവാൻ സാധിച്ചില്ല. തുടർന്ന് പ്രസ്തുത ട്രഷറി പി.എസ്.റ്റി.എസ്.ബി അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള ടി ഗ്രാമ-പഞ്ചായത്ത് അധികൃതരുടെ നിശ്ചിത പ്രെർഫ്രോർമയിലുള്ള 04.01.2022 തിയതിയായ അപേക്ഷ സാംസ്കാരിക വകുപ്പ് ഡയറക്ടർ മുഖാന്തിരം സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത നിർമ്മാണത്തിനായി കാവശ്ശേരി ഗ്രാമ-പഞ്ചായത്ത് അധികൃതർ ചുമതലപ്പെടുത്തിയ ഹാബിറ്റാറ്റ് എന്ന |

| | | | |
|---|---|---|---|
| | | | സ്ഥാപനം മുൻപ് (12.12.2020-ൽ) സമർപ്പിച്ച ഒരു കോടി രൂപയുടെ വർക്ക് എസ്റ്റിമേറ്റിന്റെ കാലാവധി കഴിഞ്ഞതിനാൽ വർക്ക് എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള നടപടികൾ ടി ഗ്രാമ-പഞ്ചായത്തിൽ പുരോഗമിച്ച് വരുകയാണ്. കൂടാതെ പ്രസ്തുത നിർമ്മാണത്തിന് വേണ്ടി നിശ്ചയിച്ചിട്ടുള്ള സ്ഥലത്ത് നിലനിൽക്കുന്ന കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പഴകിയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിന് വേണ്ടിയുള്ള നടപടികൾ പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം പഞ്ചായത്ത് സ്വീകരിച്ച് വരുകയാണ്. |

സെക്ഷൻ ഓഫീസർ